# SREE SANKARACHARYA UNIVERSITY OF SANSKRIT, KALADY

## Cofirmed Minutes of the 10/25 (232nd ) Meeting of the Syndicate held on 19.12.2025 at 11.00 a.m at University Head Quarters, Kalady

**Members Present:**

| | | |
|---|---|---|
| 1. പ്രൊഫ.(ഡോ.) കെ.കെ. ഗീതാകുമാരി<br>വൈസ് ചാൻസലർ, അദ്ധ്യക്ഷ | - | ഒപ്പ് |
| 2. അഡ്വ. കെ.എസ്. അരുൺകുമാർ, സിൻഡിക്കേറ്റംഗം | - | ഒപ്പ് |
| 3. ഡോ. മിനി ടി, സിൻഡിക്കേറ്റംഗം | - | ഒപ്പ് |
| 4. ഡോ. ഓമന പി വി, സിൻഡിക്കേറ്റംഗം | - | ഒപ്പ് |
| 5. ഡോ. വി. ലിസ്സി മാത്യൂ, സിൻഡിക്കേറ്റംഗം | - | ഒപ്പ് |
| 6. ശ്രീ. മിഥുൻ എം, സിൻഡിക്കേറ്റംഗം | - | ഒപ്പ് |
| 7. പ്രൊഫ.(ഡോ.) മാത്യൂസ് ടി തെള്ളി, സിൻഡിക്കേറ്റംഗം | - | ഒപ്പ് |
| 8. ഡോ. എം. സത്യൻ, സിൻഡിക്കേറ്റംഗം | - | ഒപ്പ് |
| 9. പ്രൊഫ. കെ ഉണ്ണികൃഷ്ണൻ , സിൻഡിക്കേറ്റംഗം | - | ഒപ്പ് |
| 10. ഡോ. എസ് ശ്രീകല ദേവി, സിൻഡിക്കേറ്റംഗം | - | ഒപ്പ് |
| 11. ഡോ. സിന്ധു അന്തർജനം, സിൻഡിക്കേറ്റംഗം | - | ഒപ്പ് |
| 12. ഡോ. വിനീത് ആർ എസ്, സിൻഡിക്കേറ്റംഗം | - | ഒപ്പ് |

കൂടാതെ ഡോ. മോത്തി ജോർജ്ജ് (രജിസ്ട്രാർ) പങ്കെടുത്തു.

# MAIN AGENDA

**Item No 1**

Report of the Vice Chancellor

യോഗത്തിലേക്ക് എല്ലാ അംഗങ്ങളേയും സ്വാഗതം ചെയ്യുന്നു.

കൊയിലാണ്ടി എം.എൽ.എ കാനത്തിൽ ജമീലയുടെ നിര്യാണത്തിലും, മറ്റ് രാഷ്ട്രീയ, സാമൂഹിക, കലാ, സാംസ്കാരിക രംഗത്ത് കർമ്മനിരതരായിരുന്നവരുടെ നിര്യാണത്തിലും ഈ യോഗം അനുശോചനം രേഖപ്പെടുത്തുന്നു.

29.10.2025 തീയതിയിലെ 231-ാം സിൻഡിക്കേറ്റ് യോഗത്തിനുശേഷം സർവകലാശാലയിലുണ്ടായിട്ടുള്ള പ്രധാനപ്പെട്ട സംഭവങ്ങൾ അംഗങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1. സർവകലാശാല മുഖ്യകേന്ദ്രത്തിൽ 2025 നവംബർ 1 ന് മലയാള ദിനം ആചരിച്ചു. പ്രൊഫസർ ഇൻചാർജ്ജ് ഓഫ് എക്സാമിനേഷൻ ഡോ. വി. ലിസ്സി മാത്യു ഭരണഭാഷ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു.
2. ഭരണത്തിന്റെ വിവിധ തലങ്ങളിൽ മലയാള ഭാഷയുടെ ഉപയോഗം സാർവ്വത്രികമാക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി സംസ്ഥാനത്ത് മികച്ച രീതിയിൽ ഭരണഭാഷാമാറ്റ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന ഉദ്യോഗസ്ഥന് സംസ്ഥാന സർക്കാർ നൽകുന്ന 2025 ലെ സംസ്ഥാന ഭരണ ഭാഷാ സേവന പുരസ്കാരം ലഭിച്ച ജോയിന്റ് രജിസ്ട്രാർ ശ്രീ സുധേഷ് കെ. ദിവാകറിനെ അഭിനന്ദിക്കുന്നു.
3. സർവകലാശാല പ്രസിദ്ധീകരിച്ച കേരളീയ സംസ്കൃത സാഹിത്യ ചരിത്രം (വടക്കുംകൂർ രാജരാജവർമ്മരാജ), കേരളീയ ചുമർചിത്രകലയിലെ സൗന്ദര്യദർശനം (ഡോ. സാജു തുരുത്തിൽ), റെസ്പോൺസ് ടു പോയട്രി (ഡോ. ജി ബാലമോഹൻ തമ്പി) എന്നീ മൂന്ന് പുസ്തകങ്ങൾ 2025 നവംബർ 04 ന് കൊച്ചി അന്താരാഷ്ട്ര പുസ്തകോത്സവ വേദിയിൽ വച്ച് പ്രൊഫസർ എം. തോമസ് മാത്യു പ്രകാശനം ചെയ്തു. പുസ്തക വിൽപ്പനക്കായുള്ള ഓൺലൈൻ പോർട്ടലിന്റെ ലോഞ്ചിങ് സർവകലാശാല വൈസ് ചാൻസലർ ഡോ. കെ.കെ. ഗീതാകുമാരി നിർവഹിച്ചു. സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. ടി. മിനി, പ്രൊഫ. (ഡോ.) മാത്യൂസ് ടി. തെള്ളി, ഡോ. വി. ലിസ്സി മാത്യു എന്നിവർ ചടങ്ങിൽ പങ്കെടുത്തു.
4. തിരൂർ പ്രാദേശിക കേന്ദ്രത്തിലെ എൻ.എസ്.എസ് യൂണിറ്റിന്റെ നേതൃത്വത്തിൽ പേരാമ്പ്ര കായണ്ണ കുറ്റിവയലിൽ തിരൂർ പ്രാദോശിക കേന്ദ്രത്തിലെ ചരിത്ര വിഭാഗം ബിരുദാനന്തര ബിരുദ വിദ്യാർത്ഥിനിയും 2023-25 വർഷത്തെ എൻ.എസ്.എസ് വോളന്റിയർ സെക്രട്ടറിയും അതേ വർഷത്തെ മികച്ച വോളന്റിയറുമായ വിദ്യാർത്ഥിനിക്കുവേണ്ടി നിർമ്മിച്ച സ്നേഹവീടിന്റെ താക്കോൽ സമർപ്പണം 2025 നവംബർ 09 ന് വൈസ് ചാൻസലറും, ബാലുശ്ശേരി എം.എൽ.എ അഡ്വ. കെ. എം. സച്ചിൻദേവും ചേർന്ന് നിർവഹിച്ചു. ചടങ്ങിൽ സിൻഡിക്കേറ്റംഗങ്ങളായ ഡോ. വി ലിസ്സി മാത്യു, ഡോ. എം. സത്യൻ, അധ്യാപകരായ ഡോ. പദ്മദാസ് കെ.എൽ, ഡോ. സരിത ടി.പി, സ്റ്റേറ്റ് എൻ.എസ്.എസ് ഓഫീസർ ഡോ. ദേവി പ്രിയ ഡി. എന്നിവർ പങ്കെടുത്തു. ഇതിന് നേതൃത്വം കൊടുത്ത തിരൂർ പ്രാദേശിക കേന്ദ്രത്തിലെ നാഷണൽ സർവ്വീസ് ടീം അംഗങ്ങളെ അഭിനന്ദിക്കുന്നു.

5. സർവകലാശാല മാതൃഭാഷ സംരക്ഷണത്തിനും വികാസത്തിനും ഏർപ്പെടുത്തിയിരിക്കുന്ന 2025 ലെ ഡോ. പ്രദീപൻ പാമ്പിരിക്കുന്ന് സ്മാരക ഭാഷാ പുരസ്കാരം 2025 നവംബർ 14 ന് ഗ്രന്ഥപ്പുരയുടെ സ്ഥാപകൻ ശ്രീ. ഷിജു അലക്സിന് വൈസ് ചാൻസലർ ഡോ. കെ.കെ. ഗീതാകുമാരി നൽകി. സംസ്ഥാന ഭരണഭാഷ സേവന പുരസ്കാരം ലഭിച്ച ശ്രീ. സുഖേഷ് കെ. ദിവകർ, ഭാഷക്കൊരു ഡോളർ പുരസ്കാരം ലഭിച്ച ഡോ. കെ.എസ്. ഇന്ദുലേഖ, ഭാഷാവലോകനമസിതി മുൻ അസിസ്റ്റ് കോർഡിനേറ്റർ പ്രേമൻ തറവട്ടത്ത് എന്നിവരെ ചടങ്ങിൽ ആദരിച്ചു. ഡോ. ബിച്ചു. എക്സ് മലയിൽ ഡോ. പ്രദീപൻ പാമ്പിരിക്കുന്ന് അനുസ്മരണ പ്രഭാഷണം നടത്തി.
6. പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിന് കീഴിലുള്ള ഹയർ സെക്കന്ററി വിംഗിന്റെ കരിയർ ഗൈഡൻസ് & അഡോളൻസ് കൗൺസിലിംഗ് സെല്ലിന്റെ ആഭിമുഖ്യത്തിൽ കോട്ടയം നെഹ്റു സ്റ്റേഡിയത്തിൽ വച്ച് 2025 നവംബർ 20 മുതൽ 24 വരെ സംഘടിപ്പിച്ച 2025-26 വർഷത്തെ 'ദിശ' എക്സ്പോയിൽ സർവകലാശാല പങ്കെടുത്തു.
7. സർവകലാശാല മുഖ്യകേന്ദ്രത്തിലും പ്രാദേശിക കേന്ദ്രങ്ങളിലും 2025 നവംബർ 26 ന് ഭരണഘടനാദിനം ആചരിച്ചു.
8. സർവകലാശാല തിരൂർ പ്രാദേശിക കേന്ദ്രത്തിലെ സംസ്കൃത വ്യാകരണ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ 2025 ഡിസംബർ 03, 04, 05 തീയതികളിലായി ത്രിദിന ദേശീയ വാക്യാർത്ഥ സദസ്സ് സംഘടിപ്പിച്ചു. ചടങ്ങിന്റെ ഉദ്ഘാടനം വൈസ് ചാൻസലർ നിർവഹിച്ചു. വാക്യാർത്ഥ സദസ്സിന്റെ അധ്യക്ഷൻ പ്രൊഫ. വി. രാമകൃഷ്ണഭട്ട്, ആചാര്യൻമാരായ പ്രൊഫ. രാധാകൃഷ്ണ ബാനർജി, പ്രൊഫ. കൃഷ്ണകുമാർ എന്നിവരെ ചടങ്ങിൽ ആദരിച്ചു.
9. സർവകലാശാലയുടെ മുഖ്യകേന്ദ്രത്തിലും വിവിധ പ്രാദേശിക കേന്ദ്രത്തിലും നടന്നുവന്ന സംസ്കൃത ദിനാഘോഷങ്ങളുടെ സമാപനം മുഖ്യകേന്ദ്രത്തിൽ 2025 ഡിസംബർ 03, 04 തീയതികളിലായി നടന്നു. സമാപന സമ്മേളനത്തിന്റെ ഉദ്ഘാടനം വൈസ് ചാൻസലർ നിർവഹിച്ചു. ചടങ്ങിൽ ശ്രീ. സോമനാഥ സംസ്കൃത സർവകലാശാലയുടെ മുൻ വൈസ് ചാൻസലർ ഡോ. ഗോപബന്ധുമിശ്ര മുഖ്യപ്രഭാഷണം നടത്തി. ഡോ. വിശാലാക്ഷി, ഡോ. പി മാധവൻ കുട്ടി വാരിയർ, ഡോ എം. കെ. സുരേഷ് ബാബു എന്നിവരെ ചടങ്ങിൽ ആദരിച്ചു.
10. സർവകലാശാലയുടെ ഡിജിറ്റൽ ഫോർമാറ്റിലുള്ള ആദ്യത്തെ ഡിഗ്രി സർട്ടിഫിക്കറ്റ് മലയാളം വിഭാഗത്തിലെ ബിരുദാനന്തര ബിരുദ വിദ്യാർത്ഥിനി കുമാരി. അപർണ്ണ ശശി -ക്ക് വൈസ് ചാൻസലർ 2025 ഡിസംബർ 04 ന് കൈമാറി. ചടങ്ങിൽ പ്രൊഫസർ ഇൻചാർജ്ജ് ഓഫ് എക്സാമിനേഷൻസ് ഡോ. വി ലിസ്സി മാത്യു, സിൻഡിക്കേറ്റ് അംഗങ്ങളായ പ്രൊഫ. (ഡോ.) മാത്യൂസ് ടി. തെള്ളി, ഡോ. ബി. അശോക്, ഡോ. പി.വി. ഓമന എന്നിവർ പങ്കെടുത്തു.
11. സർവകലാശാലയും പൊതു വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സംസ്കൃത അക്കാദമിക കൗൺസിലും സംയുക്തമായി സംഘടിപ്പിച്ച സംസ്ഥാന തല സംസ്കൃത ദിനാഘോഷവും, പണ്ഡിത സമാദരണവും 2025 ഡിസംബർ 05 ന് കാലടി മുഖ്യകേന്ദ്രത്തിൽ സംഘടിപ്പിച്ചു. വൈസ് ചാൻസലർ ഉദ്ഘാടനം നിർവഹിച്ച ചടങ്ങിൽ പൊതു വിദ്യാഭ്യാസ വകുപ്പ് അഡീഷണൽ ഡയറക്ടർ ആർ.എസ്. ഷിബു അധ്യക്ഷത നിർവഹിച്ചു.

12. സർവകലാശാലയുടെ സംഗീത വിഭാഗത്തിന്റെ ആഭിമിഖ്യത്തിൽ 2025 ഡിസംബർ 05, 06 തീയതികളിലായി ദ്വിദിന ദേശീയ സെമിനാർ സംഘടിപ്പിച്ചു. വൈസ് ചാൻസലർ ഡോ. കെ.കെ. ഗീതാകുമാരി ഉദ്ഘാടനം നിർവഹിച്ച ചടങ്ങിൽ സംഗീതജ്ഞൻ ശ്രീ. ആർ കെ. ശ്രീരാംകുമാർ "Understanding a Raga" എന്ന വിഷയത്തിൽ പ്രഭാഷണം നടത്തി.

13. അയ്യങ്കാളി സെന്റർ ഫോർ സോഷ്യൽ ആന്റ് കൾച്ചറൽ സ്റ്റഡീസിന്റെ ഈ വർഷത്തെ പ്രവർത്തന ഉദ്ഘാടനവും ഏകദിന സെമിനാറും 2025 ഡിസംബർ 16 ന് സംഘടിപ്പിച്ചു. വൈസ് ചാൻസലർ ഡോ. കെ. കെ. ഗീതാകുമാരി അധ്യക്ഷയായ ചടങ്ങിൽ കേരള സംഗീത നാടക അക്കാദമി ഉപാധ്യക്ഷ ശ്രീമതി. പുഷ്പവതി പൊയ്പ്പാടത്ത് ഉദ്ഘാടനം നിർവഹിച്ചു. പ്രമുഖ ചരിത്ര ഗവേഷകനായ ചെറായി രാംദാസ് പ്രബന്ധാവതരണം നടത്തി.

14. സർവകലാശാല മുഖ്യകേന്ദ്രത്തിൽ സംസ്കൃത സാഹിത്യ വിഭാഗത്തിന്റ നേതൃത്വത്തിൽ 2025 ഡിസംബർ 17 ന് ഡോ. സി.എം. നീലകണ്ഠൻ എൻഡോവ്മെന്റ് പ്രഭാഷണം സംഘടിപ്പിച്ചു. ഡോ. കലാമണ്ഡലം കൃഷ്ണപ്രിയ "Application of Poetic Theories in Mohiniyattom" എന്ന വിഷയത്തിൽ പ്രഭാഷണം നടത്തി.

15. ഇറാസ്മസ് മുൻഡസ് ജോയിന്റ് മാസ്റ്റേഴ്സ് പ്രോഗ്രാം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട Groingen സർവകലാശാലയുടെ പ്രതിനിധി Prof. Todd H. Wier 2025 ഡിസംബർ 15, 19 തീയതികളിലായി സർവകലാശാലയുടെ വിവിധ തലത്തിലുള്ള പ്രതിനിധികളുമായി ചർച്ച നടത്തി.

16. സർവകലാശാല മുഖ്യകേന്ദ്രത്തിൽ സോഷ്യോളജി വിഭാഗത്തിന്റേയും ഹിസ്റ്ററി വിഭാഗത്തിന്റേയും സംയുക്താഭിമുഖ്യത്തിൽ "European Debates on the Post Secular and it's Contestations" Doctoral workshop on Mixed- Methods Research" എന്ന വിഷയത്തിൽ Inter National Colloquium സംഘടിപ്പിച്ചു. Dr. Vlad Naumscu (Department of Sociology & Anthropology, Central European University), Prof. Todd H. Wier (University of Groningen, The Netherlands), Dr. Sanal Mohan (Former Dean, Faculty of Arts & Social Sciences, SSUS) എന്നിവർ റിസോഴ്സ് പേഴ്സൺസായി പങ്കെടുത്തു.

17. "Khelo India University Games 2025" ൽ പങ്കെടുത്ത് വെങ്കല മെഡൽ കരസ്ഥമാക്കിയ ഫിസിക്കൽ എഡ്യൂക്കേഷൻ വിഭാഗത്തിലെ വിദ്യാർത്ഥിനി കുമാരി. ശ്രുതി കെ. യെ അഭിനന്ദിക്കുന്നു.

18. കേരള സർക്കാരിന്റെ സാമൂഹ്യനീതി വകുപ്പ് നൽകുന്ന ഉന്നത വിദ്യാഭ്യാസ പുരസ്കാരമായ വിജയാമൃതം വിദ്യാഭ്യാസ പുരസ്കാരം ലഭിച്ച സംഗീത വകുപ്പിലെ ഭിന്നശേഷി വിദ്യാർത്ഥിനി കുമാരി. കെ.എൻ. റിദ മോളെ അഭിനന്ദിക്കുന്നു.

എല്ലാവരുടേയും സഹകരണവും ക്രിയാത്മകമായ നിർദ്ദേശങ്ങളും പ്രതീക്ഷിച്ചുകൊണ്ട് അജൻഡകളിൽമേലുള്ള ചർച്ചകൾക്കായി ഏവരേയും ക്ഷണിച്ചുകൊള്ളുന്നു.

**Item No:2**

17.09.2025 -ലെ ലൈബ്രറി ഉപദേശ കമ്മിറ്റിയുടെ യോഗത്തിന്റെ തീരുമാനങ്ങൾ സംബന്ധിച്ച് (No. 03516/LIB1/SSUS/2024 (1))

04.12.2025 ൽ ചേർന്ന ലൈബ്രറി കമ്മിറ്റിയുടെ ശിപാർശകൾ അംഗീകരിച്ചു. (Annexure I). കൂടാതെ 2026 ജനുവരിയിൽ ബുക്ക് പ്രസാധകരുടെ ഒരു എക്സിബിഷൻ നടത്തുവാനും, അതിൽനിന്നും പുസ്തകങ്ങൾ വാങ്ങുവാനും തീരുമാനിച്ചു. പുസ്തകങ്ങൾ വാങ്ങുന്നതിന് പ്രാദേശിക കേന്ദ്രം ഡയറക്ടർമാർക്ക് അടിയന്തിരമായി ഒരു ലക്ഷം രൂപ വീതം മുൻകൂർ നൽകുവാനും തീരുമാനിച്ചു.

**Item No:3**

പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനുവേണ്ടി അധ്യാപകരുടെയും അനദ്ധ്യാപകരുടെയും ലിസ്റ്റ് വെവ്വേറെ തിരിച്ചു തയ്യാറാക്കുന്നത് സംബന്ധിച്ച് (No. 02108/ CASH1/ SSUS/2025 (1))

പെൻഷൻകാരുടെ സംഘടനകളുമായി ചർച്ച ചെയ്ത ശേഷം ഈ വിഷയത്തിൽ അന്തിമ തീരുമാനം എടുക്കാൻ തീരുമാനിച്ചു.

**Item No:4**

ഡോ. ആർ ഷർമിളയുടെ നിയമനത്തിനെതിരെ ഡോ. താരിഖ് ഹുസൈൻ ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP (c) 1557/21 നമ്പർ റിട്ട് പെറ്റീഷനിൽ സർവകലാശാലയുടെ ഭാഗത്തുനിന്നുള്ള Counter Affidavit കോടതിയിൽ സമർപ്പിച്ചതിന് സാധൂകരണം നൽകുന്നത് സംബന്ധിച്ച് (No. 01008/LEG1/SSUS/2024 (1))

സാധൂകരിച്ചു.

**Item No:5**

01.10.2025 പ്രാബല്യത്തിൽ ക്ഷാമ ബത്തയും 01.11.2025 പ്രാബല്യത്തിൽ ക്ഷാമാശ്വാസവും വർദ്ധിപ്പിച്ച സർക്കാർ ഉത്തരവുകൾ സർവകലാശാലയിൽ നടപ്പിലാക്കിയതിൽ സാധൂകരണം -സംബന്ധിച്ച് (No. 03683/BILLA2/SSUS/2024 (1))

01.10.2025 പ്രാബല്യത്തിൽ ക്ഷാമ ബത്തയും 01.11.2025 പ്രാബല്യത്തിൽ ക്ഷാമാശ്വാസവും വർദ്ധിപ്പിച്ച സർക്കാർ ഉത്തരവുകൾ സർവകലാശാലയിൽ നടപ്പിലാക്കിയത് സാധൂകരിച്ചു.

**Item No:6**

സെക്യൂരിറ്റി ജീവനക്കാർക്ക് യൂണിഫോം അലവൻസ് അനുവദിച്ചത് സാധൂകരിക്കുന്നത് സംബന്ധിച്ച് (No. 01465/ADC3/SSUS/2023 (2))

സെക്യൂരിറ്റി ജീവനക്കാർക്ക് യൂണിഫോം അലവൻസ് അനുവദിച്ചത് സാധൂകരിച്ചു.

**Item No:7**

2024 ലെ അദാലത്തിൽ പങ്കെടുത്ത ഗവേഷകനായ ജയദേവൻ എ പി -യ്ക്ക് പ്രബന്ധ സമർപ്പണത്തിന് സമയം ദീർഘിപ്പിച്ചു നൽകുന്നത് സംബന്ധിച്ച് (No. 04388/ACDA2/SSUS/2025 (1))

പ്രബന്ധ സമർപ്പണത്തിനുള്ള സമയം ദീർഘിപ്പിച്ചു നൽകുന്നതിന് ഗവേഷകനായ ജയദേവൻ എ പി യുടെ മെഡിക്കൽ സർട്ടിഫിക്കറ്റ് പരിശോധിക്കുന്നതിനും, വിശദമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനും, സ്റ്റുഡന്റ് വെൽഫയർ കമ്മറ്റിയെ ചുമതലപ്പെടുത്തി. ആറ് മാസം കൂടുമ്പോൾ RAC കൂടുന്നതിന് നിർദ്ദേശം നൽകുവാനും തീരുമാനിച്ചു. 2020 ന് മുമ്പ് രജിസ്ട്രേഷൻ നേടിയ കാലാവധി കഴിഞ്ഞ റിസർച്ചേഴ്സിന്റെ ഒരു യോഗം 14.01.2026 ന് കൂടുവാനും തീരുമാനിച്ചു.

**Item No:8**

മാർച്ച് 7, 8, 9 തീയതികളിൽ കാലടി മുഖ്യകേന്ദ്രത്തിൽ വച്ചു All India Inter University Best Physique മത്സരത്തിന്റെ നടത്തിപ്പിന് ചെലവായ അധികം തുക തിരികെ അനുവദിക്കണമെന്ന അപേക്ഷയിൽ തീരുമാനം സ്വീകരിക്കേണ്ടതാണ് സംബന്ധിച്ച് (No. 00003/SSC2/SSUS/2025 (1))

ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് ഉപസമിതിയുടെ പരിശോധനയ്ക്ക് അയക്കാൻ തീരുമാനിച്ചു.

**Item No:9**

2025-2026 ധനകാര്യ വർഷത്തിലെ മൂന്നാം പാദത്തിലെ (01.10.2025 -31.12.2025) ഭവിഷ്യനിധി നിക്ഷേപങ്ങൾക്കുള്ള പലിശനിരക്ക് നടപ്പിലാക്കുന്നത് -സംബന്ധിച്ച് (No. 02867/ BILLA3/ SSUS/ 2023 (1))

2025-2026 ധനകാര്യ വർഷത്തിലെ മൂന്നാം പാദത്തിലെ (01.10.2025 -31.12.2025) ഭവിഷ്യനിധി നിക്ഷേപങ്ങൾക്കുള്ള പലിശനിരക്ക് നടപ്പിലാക്കിയത് സാധൂകരിച്ചു.

**Item No:10**

ശ്രീ കെ ഐ കുഞ്ഞുമുഹമ്മദ് നോർത്ത് പറവൂർ അഡിഷണൽ ജില്ലാ കോടതി മുൻപാകെ ഫയൽ ചെയ്ത 2021 ലെ 43 നമ്പർ അപ്പീൽ സ്യൂട്ടിലെ 10.06.2025 തീയതിയിലെ വിധിക്കെതിരെ അപ്പീൽ ഫയൽ ചെയ്യുന്നതിന് കോർട്ട് ഫീ ഇനത്തിൽ 40,923/- രൂപ കൂടി അനുവദിച്ച ബഹു. വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കുന്നത് സംബന്ധിച്ച് (No. 03126/LEG1/SSUS/2025 (1))

ശ്രീ കെ ഐ കുഞ്ഞുമുഹമ്മദ് നോർത്ത് പറവൂർ അഡിഷണൽ ജില്ലാ കോടതി മുൻപാകെ ഫയൽ ചെയ്ത 2021 ലെ 43 നമ്പർ അപ്പീൽ സ്യൂട്ടിലെ 10.06.2025 തീയതിയിലെ വിധിക്കെതിരെ അപ്പീൽ ഫയൽ ചെയ്യുന്നതിന് കോർട്ട് ഫീ ഇനത്തിൽ 40,923/- രൂപ കൂടി അനുവദിച്ച ബഹു. വൈസ് ചാൻസലറുടെ നടപടി സാധൂകരിച്ചു.

**Item No:11**

സർവകലാശാല പി എച്ച് ഡി പ്രവേശനത്തിന് UGC-NET സ്കോർ പരിഗണിക്കുന്നത് സംബന്ധിച്ച് (No. 03027/ACDA1/SSUS/2025 (1))

സർവകലാശാല പി എച്ച് ഡി പ്രവേശനത്തിന് UGC-NET സ്കോർ പരിഗണിക്കുന്നത് സാധൂകരിച്ചു.

**Item No:12**

മലയാള ഗവേഷണ പഠന വകുപ്പിലെ 03.01.2017 രജിസ്ട്രേഷൻ ഫുൾ ടൈം ഗവേഷകയായ ഗീതു എസ് എസ് -ന് പ്രബന്ധം സമർപ്പിക്കുന്നതിനായുള്ള ഫൈനിൽ ഇളവ് അനുവദിക്കുന്നത് സംബന്ധിച്ച് (No. 02765/ACDA3/SSUS/2023(1))

മലയാള ഗവേഷണ പഠന വകുപ്പിലെ 03.01.2017 രജിസ്ട്രേഷൻ ഫുൾ ടൈം ഗവേഷകയായ ഗീതു എസ് എസ് -ന് പ്രബന്ധം സമർപ്പിക്കുന്നതിനായുള്ള ഫൈനിൽ ഇളവ് അനുവദിക്കാൻ തീരുമാനിച്ചു.

**Item No:13**

പ്രബന്ധം സമർപ്പിക്കാൻ അധിക സമയം അനുവദിക്കുന്നതു സംബന്ധിച്ച് (No. 02069/ ACDA2/SSUS/2025(1))

ഫീസില്ലാതെ രണ്ട് മാസം അധിക സമയം അനുവദിക്കാൻ തീരുമാനിച്ചു.

**Item No:14**

സർവകലാശാലയിലെ ഗസ്റ്റ് ലക്ചറർ നിയമനം സംബന്ധിച്ച് ASSUT സമർപ്പിച്ച ശുപാർശകൾ സംബന്ധിച്ച് (No. 04026/ADA2/SSUS/2025(1))

വിദ്യാർത്ഥി അധ്യാപക അനുപാത പഠനം നടത്തുന്നതിന് നിയോഗിച്ച കമ്മറ്റിയെ ചുമതലപ്പെടുത്താനും, ഇതുമായി ബന്ധപ്പെട്ട് പ്രാദേശിക കേന്ദ്രങ്ങൾ അടിയന്തിരമായി സന്ദർശിക്കാനും തീരുമാനിച്ചു.

**Item No:15**

സുപ്രീം കോടതിയിൽ സർവകലാശാലയെ എതിർകക്ഷിയാക്കി ഫയൽ ചെയ്ത ഹർജികളിൽ സർവകലാശാലയെ പ്രതിനിധീകരിച്ച് ഹാജരാകുന്ന അഡ്വ. കീത്ത് വർഗീസിന്റെ ഫീസ് സംബന്ധിച്ച് (No. 03599/LEG1/SSUS/2023(1))

അംഗീകരിച്ചു.

## ADDITIONAL AGENDA

**Item No. 1**

Award of Ph.D Degree

a) Ms. Shamila Shaji in Hindi [No. 01501/EXAMA1/SSUS/2025 (1)]
b) Sri Sarath T R in Sanskrit Sahitya [No. 01833/EXAMA1/SSUS/2025 (1)]
c) Sri. Rengith R Pillai in Geography [No. 01607/EXAMA1/SSUS/2025 (1)]
d) Smt. Reshmi K S in English [No. 00734/EXAMA1/SSUS/2025 (1)]
e) Smt. Sandhya Suresh in English [No. 00732/EXAMA1/SSUS/2025 (1)]
f) Smt. Devika P in Sanskrit Sahitya [No. 01447/EXAMA1/SSUS/2025 (1)]
g) Sri Dipin Raj in Malayalam [No. 00739/EXAMA1/SSUS/2025 (1)]

Considering the recommendations of the Board of Adjudicators, constituted to evaluate Ph.D thesis, the Standing Committee on Examination held on 18.12.2025 has recommended to award Ph.D to following Research Scholars on the date of Viva Voce held as noted against each.

| Sl.No. | Name | Faculty | Date of Viva Voce |
|---|---|---|---|
| 1. | Ms. Shamila Shaji | Faculty of Indian Languages | 28.11.2025 |
| 2. | Sri Sarath T R | Faculty of Sanskrit Literature | 02.12.2025 |
| 3. | Sri. Rengith R Pilla | Faculty of Science, Technology & Education | 28.10.2025 |
| 4. | Smt. Reshmi K S | Faculty of Foreign Languages | 12.11.2025 |
| 5. | Ms. Sandhya Suresh | Faculty of Foreign Languages | 15.12.2025 |
| 6. | Devika P | Faculty of Sanskrit Literature | 12.12.2025 |
| 7. | Sri. Dipin Raj | Faculty of Indian Languages | 17.12.2025 |

a) Ms. Shamila Shaji Research Scholar in Hindi under the Faculty of Indian Languages Ph.D. thesis titled, **"SAMKALEEN AADIVASI KAVAYATRIYON KI KAVITAON MEIN PRATIRODHI SWAR",** under the guidance of Dr. K P Berley, Professor (Retd.), Department of Hindi, SSUS, kalady

b) Sri Sarath T R Research Scholar in Sanskrit Sahitya under the Faculty of Sanskrit Literature Ph.D thesis titled **"Contribution of Kanippayyür Śankaran Nampūtirippād to Sanskrit Tradition",** under the guidence of Dr. K T Sreelatha, Associate Professor, Department of Sanskrit Sahitya, SSUS, RC, Payyannur.

c) Sri. Rengith R Pillai, Research scholar in Geography under the Faculty of Science, Technology & Education Ph.D. thesis titled, **"HYDROGEOMORPHOLOGICAL ANALYSIS AND GROUND WATER QUALITY ASSESSMENT OF ALAPPUZHA DISTRICT, KERALA",**under the guidance of Dr. Lancelet T S, Professor, Department of Geography, SSUS, Kalady

d) Smt. Reshmi K S Research scholar in English under the Faculty of Foreign Languages Ph.D. thesis titled, **"Representation of Masculinities in Select South Asian Diasporic Writings",** under the guidance of Dr. Raji B Nair, Professor, Department of English, SSUS, Kalady.

e) Ms. Sandhya Suresh Research scholar in English under the Faculty of Foreign Languages Ph.D. thesis titled, **"The Text And Subtext of Silence: A Study of Select Fictional Narraratives in Malayalam",** under the guidance of Dr. N Jenny Rappai, Professor (Retd.), Department of English, SSUS, Kalady.

f) Devika P Research scholar in Sanskrit Sahitya under the Faculty of Sanskrit Literature Ph.D. thesis titled, **"A Study of Food Culture Based on Sanskrit Sources",** under the guidance of Dr. Mini T, Professor, Department of Sankrit Sahitya, SSUS, Kalady.

g) Sri Dipin Raj K P Research scholar in Malayalam under the Faculty of Indian Languages Ph.D. thesis titled, "തെരുവ് നിർമ്മിതിയും സാംസ്കാരിക ബോധ്യങ്ങളും (ആധുനീകോത്തര മലയാളകഥാസാഹിത്യത്തിൽ) under the guidance of Dr. A Sheelakumari, Professor, (Retd.) Department of Malayalam, SSUS, Kalady.

**Item No. 2**

SCOL -സർവകലാശാലയിൽ ഓൺലൈൻ പ്രോഗ്രാമുകൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് യു ജി സി റെഗുലേഷൻ പ്രകാരം Centre for Internal Quality Assurance (CIQA) യും CIQA കമ്മിറ്റിയും സ്ഥാപിക്കുന്നത് സംബന്ധിച്ച് (No. 03191/SOSCOL/SSUS/2024 (1))

17.12.2025 ലെ അക്കാദമിക് & റിസർച്ച് കമ്മിറ്റിയുടെ ശിപാർശ പരിഗണിച്ച്, ഓൺലൈൻ പ്രോഗ്രാമുകളുടെ മേൽനോട്ടം വഹിക്കുന്നതിനും ക്വാളിറ്റി ഉറപ്പുവരുത്തുന്നതിനും UGC റെഗുലേഷൻ പ്രകാരമുള്ള Centre for Quality Assurance (CIQA)യും CIQA കമ്മിറ്റിയും രൂപീകരിക്കാൻ തീരുമാനിച്ചു. കമ്മിറ്റി അംഗങ്ങളെ നിശ്ചയിക്കുന്നതിന് വൈസ് ചാൻസലറെ ചുമതലപ്പെടുത്തി.

**Item No. 3**

തുല്യത സാക്ഷ്യപത്രം നൽകുന്നത് - മാനദണ്ഡങ്ങൾ രൂപീകരിക്കുന്നത് സംബന്ധിച്ച് (No. 02861/ACDA1/SSUS/2025(1))

17.12.2025 ലെ അക്കാദമിക് & റിസർച്ച് കമ്മിറ്റിയുടെ ശിപാർശ പരിഗണിച്ച്, 2015 മുതൽ 2023 വരെ വിദൂര വിദ്യാഭ്യാസം മുഖേന വിവിധ സർവകലാശാലകൾ നൽകുന്ന ബിരുദ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾക്ക് UGC-DEB/ODL അംഗീകാരം ആവശ്യമാണെന്നും, ഇതുമായി ബന്ധപ്പെട്ട് ഉന്നത വിദ്യാഭ്യാസ വകുപ്പ് പുറപ്പെടുവിച്ച 13.11.2018 തീയതിയിലെ 272/2018/H.Edn. നമ്പർ ഉത്തരവ് ബാധകമായിരിക്കുമെന്നും തീരുമാനിച്ചു. ഭാവിയിൽ എലിജിബിലിറ്റി/തുല്യതയുമായി ബന്ധപ്പെട്ട് സമർപ്പിക്കുന്ന അപേക്ഷകൾ ഇപ്രകാരം തീർപ്പുകൽപ്പിക്കുവാനും തീരുമാനിച്ചു.

**Item No. 4**

CM Research Scholarship-ലെ വ്യവസ്ഥ സർവകലാശാല ഫെല്ലോഷിപ്പ് വ്യവസ്ഥകളിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് (No. 02865/ACDA1/SSUS/2025(1))

17.12.2025 ലെ അക്കാദമിക് & റിസർച്ച് കമ്മിറ്റിയുടെ ശിപാർശ പരിഗണിച്ച്, CM Research Scholarship-ലെ വ്യവസ്ഥകൾ സർവകലാശാല ഫെല്ലോഷിപ്പ് വ്യവസ്ഥകളിൽ ഉൾപ്പെടുത്തേണ്ടതില്ല എന്ന് തീരുമാനിച്ചു.

**Item No. 5**

UG/PG/PhD Admission Manual അംഗീകരിക്കുന്നത് സംബന്ധിച്ച് (No. 00782/ ACDB2/ SSUS/2025(1)

വിശദമായ പഠനത്തിന് മാറ്റി വച്ചു.

**Item No. 6**

മോഹിനിയാട്ടം പഠന വകുപ്പിലെ സർട്ടിഫിക്കറ്റ് കോഴ്സ് പുനരാരംഭിക്കുന്നത് സംബന്ധിച്ച് (No. 04709/ACDB1/SSUS/2025(1))

17.12.2025 ലെ അക്കാദമിക് & റിസർച്ച് കമ്മിറ്റിയുടെ ശിപാർശ പരിഗണിച്ച്, മോഹിനിയാട്ടം പഠന വകുപ്പ് സമർപ്പിച്ച സർട്ടിഫിക്കറ്റ് കോഴ്സ്, പ്രൊപ്പോസൽ അംഗീകരിക്കാൻ തീരുമാനിച്ചു. വേതനം, ഫീസ് എന്നിവ തീരുമാനിക്കുന്നതിനായി ഫിനാൻസ് & അക്കൗണ്ട്സ് & ഓഡിറ്റ് കമ്മറ്റിയെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു.

**Item No. 7**

ബി എ പ്രോഗ്രാം പൂർത്തീകരിക്കുന്നത് സംബന്ധിച്ച് (No. 02102/ACDB3/SSUS/2025(1))

17.12.2025 ലെ അക്കാദമിക് & റിസർച്ച് കമ്മിറ്റിയുടെ ശിപാർശ പരിഗണിച്ച്, ബി എ പ്രോഗ്രാം പൂർത്തീകരിക്കുന്നത് സംബന്ധിച്ച വിഷയം പ്രത്യേകമായി പരിഗണിച്ച് ടി വിദ്യാർത്ഥിക്ക് മെഴ്സിചാൻസിന്റെ ഫീസ് ഈടാക്കി ഇന്റേണൽ പരീക്ഷ എഴുതാൻ അനുമതി നൽകാനും, അതോടൊപ്പം ഇത്തരത്തിലുള്ള വീഴ്ചകൾ ഒഴിവാക്കുന്നതിന് (ഇന്റേണൽ, അറ്റൻഡൻസ് തുടങ്ങി ബന്ധപ്പെട്ട റെഗുലേഷനുകളിലെ മറ്റു നിബന്ധനകൾ പൂർത്തീകരിക്കാത്തവരെ) പ്രത്യേകമായി പ്രോഗ്രാം തയ്യാറാക്കുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ട പരീക്ഷാവിഭാഗം വഴി ഐ ടി വിഭാഗത്തിന് നൽകുവാനും തീരുമാനിച്ചു.

**Item No. 8**

ഓഫ്ലൈൻ മോഡിൽ ക്ലാസുകൾ നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് തിരൂർ പ്രാദേശിക കേന്ദ്രത്തിലെ വിദ്യാർത്ഥികൾ സമർപ്പിച്ച അപേക്ഷ (No. 04579/ACDB1/SSUS/2025(1))

17.12.2025 ലെ അക്കാദമിക് & റിസർച്ച് കമ്മിറ്റിയുടെ ശിപാർശ പരിഗണിച്ച്, പ്രസ്തുത വിഷയത്തിൽ വകുപ്പുമേധാവിയുടെ അഭിപ്രായംകൂടി ആരായുന്നതിന് തീരുമാനിച്ചു.

**Item No. 9**

സർവകലാശാല വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്തു നൽകുന്ന അപേക്ഷ ഫോമുകൾക്കു ഫീസ് നിശ്ചയിക്കുന്നത് സംബന്ധിച്ച് (No. 04445/ACDC2/SSUS/2025(1))

17.12.2025 ലെ അക്കാദമിക് & റിസർച്ച് കമ്മിറ്റിയുടെ ശിപാർശ പരിഗണിച്ച്, സർവകലാശാല വെബ്സൈറ്റിൽനിന്നും ഡൗൺലോഡ് ചെയ്യുന്ന എല്ലാ അപേക്ഷകരിൽനിന്നും അപേക്ഷാഫീസിനത്തിൽ 25/- രൂപ വീതം ഈടാക്കുവാനും, ഇതുമായി ബന്ധപ്പെട്ട് ബാങ്ക് ചാർജ്ജ് ഉണ്ടാകുമോ എന്നത് പരിശോധിക്കുന്നതിന് ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് കമ്മിറ്റിയിൽ സമർപ്പിക്കാനും തീരുമാനിച്ചു.

**Item No. 10**

സർവകലാശാലയിൽ സ്ഥാപിച്ചിട്ടുള്ള സെന്റർ ഫോർ സെക്കുലർ സ്റ്റഡീസിന്റെ ആക്ഷൻ പ്ലാൻ സിൻഡിക്കേറ്റ് അംഗീകാരത്തിന് സമർപ്പിക്കുന്നത് സംബന്ധിച്ച് (No. 00611/ SOACDB/SSUS/2024(1))

വിശദമായ പഠനത്തിന് മാറ്റിവച്ചു.

**Item No. 11**

സർവകലാശാലയിൽ Centre for Democratic Knowledges and Praves സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ – സംബന്ധിച്ച്.(No.04778/ACDB1/SSUS/2025(1))

വിശദമായ പഠനത്തിന് മാറ്റിവച്ചു.

**Item No. 12**

ദിവസ വേതന/കരാർ ജീവനക്കാരുടെ വേതന വർദ്ധനവ് സംബന്ധിച്ച് (No. 01837/ ADC1/ SSUS/2025 (1))

15.12.2025 ലെ സ്റ്റാഫ് & ലീഗൽ കമ്മിറ്റിയുടെ ശിപാർശ പരിഗണിച്ച്, ദിവസ വേതന/കരാർ ജീവനക്കാരുടെ വേതന വർദ്ധനവ് പരിഗണിക്കാവുന്നതാണെന്നും, ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് കമ്മിറ്റിയുടെ ശിപാർശയ്ക്ക് വിധേയമാക്കുവാനും തീരുമാനിച്ചു.

**Item No. 13**

സർവകലാശാല മുഖ്യകേന്ദ്രത്തിലെ ഹോസ്റ്റലിലേക്ക് താല്ക്കാലികമായി കുക്ക് തസ്തിക സൃഷ്ടിക്കുന്നത് -സർക്കാരിനോട് ആവശ്യപ്പെടുന്നത് സംബന്ധിച്ച് (No. 04022/ ADC3/ SSUS/2025 (1))

15.12.2025 ലെ സ്റ്റാഫ് & ലീഗൽ കമ്മിറ്റിയുടെ ശിപാർശ പരിഗണിച്ച്, കുക്കുമാരുടെ 8 താത്കാലിക തസ്തികകൾ കൂടി സൃഷ്ടിക്കുന്ന വിഷയം അംഗീകരിക്കാൻ തീരുമാനിച്ചു.

**Item No. 14**

ഐ ടി വിഭാഗത്തിൽ കരാറടിസ്ഥാനത്തിൽ പ്രോഗ്രാമർ തസ്തികയിൽ സേവനം ചെയ്യുന്നവരുടെ വേതന വർധനവ് സംബന്ധിച്ച് (No. 02000/ADC1/SSUS/2025(1))

ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് കമ്മിറ്റിയുടെ പരിശോധനയ്ക്ക് അയക്കാൻ തീരുമാനിച്ചു.

**Item No. 15**

സ്റ്റോക്ക് വന്നത് മൂലം ചികിത്സയിലുള്ള അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ, സുജിത്ത് എം വി-യ്ക്ക് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ പിൻബലത്തോടെയും, മെഡിക്കൽ സർട്ടിഫിക്കറ്റ് ഇല്ലാതെയും അനുവദിച്ച അവധി വിവരങ്ങൾ റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് (No. 04376/ADB1/SSUS/2025(1))

ലീഗൽ ഒപ്പീനിയനുവേണ്ടി മാറ്റിവച്ചു.

**Item No. 16**

സർവകലാശാലയിലെ ട്യൂട്ടർ തസ്തിക, ലക്ചറർ നോൺ യു ജി സി എന്ന് പുനർനാമകരണം ചെയ്ത നടപടിയും, സർവീസിൽ പ്രവേശിച്ച കാലം മുതൽ ടി അധ്യാപകരുടെ ശമ്പള സ്കെയിൽ ഉയർത്തി നൽകിയ നടപടിയും -സർക്കാർ സാധൂകരണം സംബന്ധിച്ച് (No. 01082/ ADA1/ SSUS/2024)

15.12.2025 ലെ സ്റ്റാഫ് & ലീഗൽ കമ്മിറ്റിയുടെ ശിപാർശ പരിഗണിച്ച്, ലക്ചറർ (നോൺ യു ജി സി) ക്കാരുടെ ശമ്പളം ഉയർത്തി നൽകിയ സർവകലാശാല നടപടി സാധൂകരിക്കുന്നതിന് ആവശ്യപ്പെട്ടുകൊണ്ട് ഒരിക്കൽകൂടി സർക്കാരിലേക്ക് കത്തെഴുതുന്നതിന് തീരുമാനിച്ചു.

**Item No. 17**

ഗസ്റ്റ് ലക്ചറർമാരുടെ വേതന വർദ്ധനവ് സംബന്ധിച്ച് (No. 02695/ADA2/SSUS/2025)

നോൺ യു ജി സി ഗസ്റ്റ് അധ്യാപകർക്ക് 25000/- ൽ നിന്നും 30000/- രൂപയും, യു ജി സി ഗസ്റ്റ് അധ്യാപകർക്ക് 35000/- നിന്നും 40,000/- രൂപയും, മണിക്കൂർ അടിസ്ഥാനത്തിൽ നിയമിച്ചിരിക്കുന്ന താത്കാലിക അദ്ധ്യാപകർക്ക് മണിക്കൂറിൽ 500/- രൂപ നിരക്കിൽ നിന്നും 600/- രൂപയും ആക്കി വേതനം വർദ്ധിപ്പിക്കാൻ തീരുമാനിച്ചു.

**Item No. 18**

2020 അഡ്മിഷൻ ബി എ മ്യൂസിക് വിദ്യാർത്ഥി അർജ്ജുൻകുമാർ എം എ (20KA01MU22) -ക്ക് റീ അഡ്മിഷൻ അനുവദിക്കുന്നത് സംബന്ധിച്ച് (No. 03074/ACDB3/SSUS/2024(1))

15.12.2025 ലെ സ്റ്റാഫ് & ലീഗൽ കമ്മിറ്റിയുടെ ശിപാർശ പരിഗണിച്ച്, സർവകലാശാലയ്ക്ക് യാതൊരുവിധത്തിലുള്ള സാമ്പത്തിക ബാധ്യതയില്ലാതെയും കൂടുതൽ ഗസ്റ്റ് അധ്യാപകരെ നിയമിക്കാതെയും നിലവിലെ സാഹചര്യത്തിൽ നിയമപ്രകാരം അനുവദിനീയമെങ്കിൽ റീ അഡ്മിഷൻ അനുവദിക്കുന്നതിന് തീരുമാനിച്ചു.

**Item No. 19**

കേരള നിയമസഭയുടെ ലോക്കൽ ഫണ്ട് അക്കൗണ്ട് കമ്മിറ്റി (2019-21) യുടെ 37-ാമത് റിപ്പോർട്ടിലെ സർവകലാശാലയുമായി ബന്ധപ്പെട്ട ഖണ്ഡികകളിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച് റിപ്പോർട്ട് അടിയന്തിരമായി സർക്കാരിലേക്ക് ലഭ്യമാക്കണമെന്നത് സംബന്ധിച്ച് (No. 00384/ACDB3/SSUS/2024(1))

വിശദമായി പഠനത്തിന് മാറ്റി വച്ചു.

**Item No. 20**

ബാസ്കറ്റ് ബോൾ കോർട്ട് അറ്റകുറ്റപ്പണികൾ നിർവഹിക്കുന്നത് - സംബന്ധിച്ച് (No. 03185/ENGG1/SSUS/2025 (1))

15.12.2025 ലെ വർക്ക്സ് & പർച്ചേസ് കമ്മിറ്റിയുടെ ശിപാർശ പരിഗണിച്ച്, ഓപ്പൺ എയർ ഓഡിറ്റോറിയത്തിലെ ബാസ്കറ്റ് ബോൾ കോർട്ടിന്റെ കേടുപാടുകൾ 2,75,058 രൂപ വരുന്ന എസ്റ്റിമേറ്റ് താഴെ പറയുന്ന രീതിയിൽ അംഗീകരിക്കാൻ തീരുമാനിച്ചു.

i. Sports Infrastructure ചെയ്യുന്ന ഏജൻസികളുമായി ബന്ധപ്പെട്ട ലഭ്യമാക്കിയ എസ്റ്റിമേറ്റ് അംഗീകരിക്കാൻ തീരുമാനിച്ചു.
ii. Sports Infrastructure ഏജൻസികളിൽ നിന്നും താല്പര്യപത്രങ്ങൾ ക്ഷണിക്കുന്നതിനുള്ള അനുമതി നല്കാൻ തീരുമാനിച്ചു.
iii. പ്രവൃത്തിയുടെ മേൽനോട്ടം വഹിക്കുന്നതിനും Certify ചെയ്യുന്നതിനും കായികവിഭാഗം മേധാവിയെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു.

**Item No. 21**

അഡ്വാൻസ്ഡ് സ്മാർട്ട് ക്ലാസ് റൂമുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട് സർവകലാശാലയിൽ വിതരണത്തിന് വെച്ചിരുന്ന 24 പോഡിയങ്ങൾ 2018 ലെ പ്രളയത്തിൽ നശിച്ചുപോയ വിഷയത്തിൽ കരാറുകാരായ KEL ന് സർക്കാർ അനുമതിയ്ക്ക് വിധേയമായി നഷ്ടപരിഹാര തുക അനുവദിക്കുവാനുള്ള തീരുമാനം പുനഃപരിശോധിക്കുന്നത് സംബന്ധിച്ച് (നം: എൻജി/8513/എസ് എസ് യു എസ്/2017)

15.12.2025 ലെ വർക്ക്സ് & പർച്ചേസ് കമ്മിറ്റിയുടെ ശിപാർശ പരിഗണിച്ച്, സ്മാർട്ട് ക്ലാസ് റൂമുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട് 24 പോഡിയങ്ങൾ 2018 ലെ പ്രളയത്തിൽ നശിച്ചുപോയതിന് 6,23,040/- രൂപ നഷ്ടപരിഹാരമായി അനുവദിച്ച് നൽകുന്നതിന് ധനകാര്യ വിഭാഗത്തിൽ നിന്നും അനുമതി വാങ്ങുവാനുള്ള 11.03.2019 ലെ പ്ലാനിംഗ് & ഡവലപ്മെന്റ് , വർക്ക്സ് & പർച്ചേസ് സ്ഥിരം സമിതികളുടെ കൺവീനർമാരുടെ തീരുമാനം നിരാകരിക്കാൻ തീരുമാനിച്ചു.

**Item No. 22**

യൂണിവേഴ്സിറ്റി കാന്റീനിലേയും ലേഡീസ് ഹോസ്റ്റലിലേയും ബയോ ഗ്യാസ് പ്ലാന്റ് റിപ്പയർ – എസ്റ്റിമേറ്റിന്റെ അംഗീകാരം സംബന്ധിച്ച് (No. 01982/ENGG3/SSUS/2024 (1)

15.12.2025 ലെ വർക്ക്സ് & പർച്ചേസ് കമ്മിറ്റിയുടെ ശിപാർശ പരിഗണിച്ച്, ബയോഗ്യാസ് പ്ലാന്റുകളുടെ അറ്റകുറ്റപണികൾ സംബന്ധിച്ച വിഷയം പരിഗണിക്കേണ്ടതില്ല എന്ന് തീരുമാനിച്ചു.

**Item No. 23**

സർവകലാശാല ഹോസ്റ്റലുകളിലെ വിവിധ അറ്റകുറ്റപണികൾ -എസ്റ്റിമേറ്റ് അംഗീകരിച്ച് - ഭരണാനുമതി നൽകുന്നത് -സംബന്ധിച്ച് (No. 02866/SOENGG/SSUS/2025(1))

15.12.2025 ലെ വർക്ക്സ് & പർച്ചേസ് കമ്മിറ്റിയുടെ ശിപാർശ പരിഗണിച്ച്, സർവകലാശാലയിലെ പ്രിയംവദ, കാവേരി ഹോസ്റ്റലുകളിൽ 16,21,320 രൂപ എസ്റ്റിമേറ്റിൽ അറ്റകുറ്റപണികൾ നടത്താനുള്ള പ്രവൃത്തി അംഗീകരിക്കാൻ തീരുമാനിച്ചു.

**Item No. 24**

പൂർണ്ണ ഗവേഷക ഹോസ്റ്റലിന്റെ വർക്ക് ഏരിയയിലെ അടിയന്തിര അറ്റകുറ്റ പണികൾക്കായുള്ള എസ്റ്റിമേറ്റിന്റെ അംഗീകാരം സംബന്ധിച്ച് (No. 04497/ENGG3/SSUS/2025(1))

15.12.2025 ലെ വർക്ക്സ് & പർച്ചേസ് കമ്മിറ്റിയുടെ ശിപാർശ പരിഗണിച്ച്, അജൻഡയിൽ സൂചിപ്പിച്ച് 10 ഇനങ്ങളെല്ലാം ഉൾപ്പെടുത്തി 2,37,000 രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിക്കാൻ തീരുമാനിച്ചു.

**Item No. 25**

പബ്ലിക്കേഷൻ വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നത്- സംബന്ധിച്ച്.( No.04825/PUB1/SSUS/2025)

18.12.2025 ലെ പബ്ലിക്കേഷൻ കമ്മിറ്റിയുടെ ശിപാർശ പരിഗണിച്ച്, സർവകലാശാല പബ്ലിക്കേഷൻ വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി സീനിയർ പബ്ലിക്കേഷൻ ഓഫീസറുടെ ചുമതല വഹിക്കുന്ന സീനിയർ പ്രൊഫസർ ഡോ. വി. ലിസ്സി മാത്യു പരിഗണനയ്ക്ക് സമർപ്പിച്ച പ്രപ്പോസൽ സംബന്ധിച്ച്

1. സായാഹ്ന ഓൺലൈനിൽ പൊതുസഞ്ചയത്തിലുൾപ്പെടുത്തി പ്രസിദ്ധീകരിച്ചിട്ടുള്ള താഴെപറയുന്ന പുസ്തകങ്ങൾ സർവ്വകലാശാല പ്രസിദ്ധീകരണവിഭാഗം നൂറു കോപ്പി വീതം അച്ചടിച്ചു പ്രസിദ്ധീകരിക്കുന്നതിന് തീരുമാനിച്ചു.

a) കേരളപാണിനീയം
b) വൃത്തമഞ്ജരി
c) ഭാഷാഭ്രൂഷണം
d) യുക്തിഭാഷ
e) ഋഗ്വേദപരിഭാഷ

കൂടാതെ  മദ്രാസ് സർവ്വകലാശാല പ്രസിദ്ധീകരിച്ച ഡോ. കെ. കുഞ്ഞുണ്ണി രാജയുടെ Contribution of Kerala to Sanskrit Literature എന്ന പുസ്തകം സർവകലാശാല പുനഃപ്രസിദ്ധീകരണം നടത്തുന്നതിനും, ടി പുസ്തകങ്ങളുടെ പകർപ്പവകാശം സംബന്ധിച്ച വിവരങ്ങൾ അന്വേഷിക്കുന്നതിന് പബ്ലിക്കേഷൻ സ്ഥിരം സമിതിയെ ചുമതലപ്പെടുത്തുന്നതിനും തീരുമാനിച്ചു.

2. പ്രശസ്ത സംസ്കൃത പണ്ഡിതൻ പ്രൊഫ. എ. വി. ശങ്കരൻ രചിച്ച  സംസ്കൃതഭാഷയിലുള്ള (മലയാളം ലിപിയിലുള്ള) ചട്ടമ്പി സ്വാമികളുടെ ജീവചരിത്രഗ്രന്ഥമായ 'തീർത്ഥപാദപുരാണം' മൂന്ന് ഘട്ടങ്ങളിലായി പ്രസിദ്ധീകരിക്കുന്നതിന് തീരുമാനിച്ചു.
   - ആദ്യ ഘട്ടത്തിൽ പ്രൂഫ് പരിശോധന പൂർത്തിയായ 4 കാണ്ഡങ്ങൾ പ്രസിദ്ധീകരിക്കുന്നതിന് തീരുമാനിച്ചു.
   - അഞ്ചാം കാണ്ഡം മുതൽ സർവകലാശാലയിലെ വിദ്യാർത്ഥികൾ, ഗവേഷകർ, അധ്യാപകർ, അലുമ്നി എന്നിവരുടെ പങ്കാളിത്തത്തോടെയുള്ള പാഠനിവേശനം, പ്രൂഫ് പരിശോധന, കോപ്പി എഡിറ്റിംഗ് എന്നിവ നിർവ്വഹിച്ച് രണ്ട് ഘട്ടങ്ങളിലായി പ്രസിദ്ധീകരിക്കുവാൻ തീരുമാനിച്ചു.

3. സർവ്വകലാശാല പ്രസിദ്ധീകരണ വിഭാഗത്തിലെ വിവിധ പ്രസിദ്ധീകരണ പദ്ധതികളിൽ പാഠനിവേശനം, പ്രൂഫ് പരിശോധന, കോപ്പി എഡിറ്റിംഗ് എന്നിവയിൽ സർവകലാശാലയിലെയും മറ്റ് സ്ഥാപനങ്ങളിലെയും FYUGP വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പ് സൗകര്യം ഏർപ്പെടുത്തുന്നതിനും തീരുമാനിച്ചു.
4. കാലപ്പഴക്കം, അച്ചടിചെലവ്, സ്റ്റോക്ക് സൂക്ഷിക്കുന്നതിനുള്ള സ്ഥലപരിമിതി  തുടങ്ങിയ കാര്യങ്ങൾ പരിഗണിച്ച് സർവ്വകലാശാല പ്രസിദ്ധീകരണങ്ങളായ ശ്രീ ശങ്കരദിഗ്വിജയം, Complete Works of Sri Sankaracharya എന്നിവ 60% ഡിസ്കൗണ്ട് നിരക്കിൽ വില്പന നടത്തുന്നതിന്  തീരുമാനിച്ചു.
5. സർവകലാശാല നല്ലരീതിയിൽ വില്പന നടത്തിയിരുന്ന 'ബ്രഹ്മസൂത്രം' പുനഃപ്രസിദ്ധീകരിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുവാൻ തീരുമാനിച്ചു.
6. സർവകലാശാല അധ്യാപകരുടെയും, വിവിധ പഠനവകുപ്പുകളുടേയും പ്രസിദ്ധീകരണങ്ങൾ സർവകലാശാല ഓൺലൈൻ പോർട്ടലിലൂടെ വില്പന വിലയുടെ ഒരു നിശ്ചിത ശതമാനം സർവകലാശാലയ്ക്ക് ലഭിക്കത്തക്ക രീതിയിൽ വില്പന നടത്തുന്നതിന് ശിപാർശ ചെയ്തു. ഇതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിന് സർവകലാശാല എഡിറ്റോറിയൽ സമിതിയെ ചുമതലപ്പെടുത്തുവാനും തീരുമാനിച്ചു.

**Item No. 26**

സീനിയർ പ്രൊഫസർ തസ്തികയിലെ പ്രൊമോഷനുകൾ-സംബന്ധിച്ച് (No. 02024/ ADD1/ SSUS/2025(1))

സർക്കാരിലേക്ക് കത്ത് അയച്ച് വ്യക്തത വരുത്തുന്നതിന് തീരുമാനിച്ചു.

**Item No. 27**

04.12.2025 ലെ ഇതേ നമ്പർ ഉത്തരവ് പ്രകാരം ഏകീകൃത മാതൃകയിലുള്ള ഡിജിറ്റൽ സർട്ടിഫിക്കറ്റ് 2018 അഡ്മിമിഷൻ മുതലുള്ള വിദ്യാർത്ഥികൾക്ക് അനുവദിച്ച നടപടി സാധൂകരിക്കുന്നത് സംബന്ധിച്ച് (No. 02289/SOACDC/SSUS/2023(1))

04.12.2025 ലെ ഇതേ നമ്പർ ഉത്തരവ് പ്രകാരം ഏകീകൃത മാതൃകയിലുള്ള ഡിജിറ്റൽ സർട്ടിഫിക്കറ്റ് 2018 അഡ്മിമിഷൻ മുതലുള്ള വിദ്യാർത്ഥികൾക്ക് അനുവദിച്ച നടപടി സാധൂകരിച്ചു. കൂടാതെ സിൻഡിക്കേറ്റ് അംഗീകരിച്ച ഡിജിറ്റൽ സർട്ടിഫിക്കറ്റിന്റെ ടെംപ്ലേറ്റ്, 2023 മുതൽ നൽകുവാനാണ് തീരുമാനിച്ചിരുന്നത്, എന്നാൽ ഇനി മുതൽ എല്ലാ വിദ്യാർത്ഥികൾക്കും ഡിജിറ്റൽ സർട്ടിഫിക്കറ്റ് നൽകണമെന്ന് നിർദ്ദേശിച്ചതിനാൽ വിവിധ റെഗുലേഷനുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് സിൻഡിക്കേറ്റ് അംഗീകരിച്ച ഡിജിറ്റൽ സർട്ടിഫിക്കറ്റിന്റെ ടെംപ്ലേറ്റിൽ മാറ്റം വരുത്തേണ്ടതുണ്ട്. അങ്ങനെയുള്ള മാറ്റങ്ങൾ വരുത്തുവാൻ ബഹു. വൈസ് ചാൻസലറെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചു.

**Item No. 28**

കാലടി മുഖ്യ കേന്ദ്രത്തിൽ KCA സ്ഥാപിക്കുന്ന ക്രിക്കറ്റ് സ്റ്റേഡിയവുമായി ബന്ധപ്പെട്ട് KCA സമർപ്പിച്ച പരിഷ്കരിച്ച മാസ്റ്റർ പ്ലാനും കരട് എഗ്രിമെന്റും അംഗീകരിക്കുന്നത്- സംബന്ധിച്ച (No. 03570/EST2/SSUS/2025 (1))

പ്രൊപ്പോസലുമായി മുന്നോട്ടുപോകാനും, തുടർ ചർച്ചകൾ നടത്താനും, ഇപ്പോഴുള്ള അവ്യക്തതകൾ പരിഹരിച്ചതിനു ശേഷം മാത്രം കരാറിൽ ഒപ്പിടാനും തീരുമാനിച്ചു. ഈ വിഷയത്തിൽ വിദ്യാർത്ഥികളുമായി ചർച്ച നടത്തുന്നതിനും തീരുമാനിച്ചു.

**Item No. 29**

GAINPF സർവകലാശാലയിൽ നടപ്പിലാക്കുന്നത് - സംബന്ധിച്ച്.(No. 5738/BillB/SSUS/2020)

GAINPF സർവകലാശാലയിൽ നടപ്പിലാക്കുന്നത് അംഗീകരിക്കാൻ തീരുമാനിച്ചു.

**Item No. 30**

39 മത് ദക്ഷിണ മേഖല അന്തർ സർവകലാശാല യുവജനോത്സവം 2025-26 ബജറ്റ് വിഹിതത്തിൽ തുക റീ-അപ്രോപ്രിയേറ്റ് ചെയ്യുന്നത് സംബന്ധിച്ച് (No. 04085/ SSC2/ SSUS/2025(1))

39 മത് ദക്ഷിണ മേഖല അന്തർ സർവകലാശാല യുവജനോത്സവം 2025-26 ബജറ്റ് വിഹിതത്തിൽ തുക റീ-അപ്രോപ്രിയേറ്റ് ചെയ്ത നടപടി സാധൂകരിച്ചു.

**Item No. 31**

ഏറ്റുമാനൂർ പ്രാദേശിക കേന്ദ്രം- ലേഡീസ് ഹോസ്റ്റൽ കെട്ടിട നിർമ്മാണവും മറ്റ് അനുബന്ധ വികസന പ്രവർത്തനങ്ങളും- പരിഗണനക്ക് ( No.02489/ENGG3/SSUS/2025)

ഏറ്റുമാനൂർ പ്രാദേശിക കേന്ദ്രം- ലേഡീസ് ഹോസ്റ്റൽ കെട്ടിട നിർമ്മാണവും മറ്റ് അനുബന്ധ വികസന പ്രവർത്തനങ്ങളും അംഗീകരിക്കാൻ തീരുമാനിച്ചു.

**Item No. 32**

തിരൂർ പ്രാദേശിക കേന്ദ്രം- ബി എസ് ഡബ്ല്യൂ ഫീസ് തവണകളായി അടയ്ക്കുന്നത് അനുവദിച്ച്- ഉത്തരവ് പുറപ്പെടുവിച്ചത്- സാധൂകരണം- സംബന്ധിച്ച്. (No.04297/ACDC2/SSUS/2025(1))

സാധൂകരിച്ചു. ബി എസ് ഡബ്ല്യൂ സെമസ്റ്റർ ഫീ തവണകളായി അടക്കുന്നതിന് അനുമതി നൽകാൻ തീരുമാനിച്ചു.

## Out of Agenda

**Item No:1**

ചുവടെ ചേർക്കുന്ന 5 പേരെ Professor in Practice ആയി സർവകലാശാലയിൽ നിയമിക്കുന്നതിന് തീരുമാനിച്ചു.

1. Alphons Joseph (Music Director)
2. Dr. Gitanjali Natarajan (Clinical Psychologist)
3. Dr. Reji Rajan (Ayurveda Physician)
4. K M Madhusudhanan (Indian Filim Maker & Artist)
5. Dr. Methil Devika ( Indian Dancer & Researcher)

**Item No:2**

Intangible Heritage Studies Centre -ൽ മുൻപ് Adjunct Faculty ആയി പ്രവർത്തിച്ച ഡോ. ബി വേണുഗോപാലിനെ സെന്ററിന്റെ സുഗമമായ പ്രവർത്തനത്തിന് Adjunct Faculty- ആയി വീണ്ടും നിയമിക്കാൻ തീരുമാനിച്ചു.

**Item No:3**

ഉറുദു ഗവേഷകനായ ഉസ്മാന്റെ കെ ഗവേഷണ പ്രവർത്തനങ്ങൾ ഡോ. കെ കമറുന്നീസയുടെ കീഴിൽ തന്നെ തുടരുന്നതിന് അനുമതി നൽകാൻ തീരുമാനിച്ചു.

**Item No:4**

HOD Rotation സ്റ്റാഫ് & ലീഗൽ കമ്മിറ്റിയുടെ പരിശോധനയ്ക്ക് അയക്കാൻ തീരുമാനിച്ചു.

**Item No:5**

മുൻകൂർ ക്രമീകരണവുമായി ബന്ധപ്പെട്ട ഫയൽ അദാലത്ത് ഉടനടി നടത്തുവാൻ തീരുമാനിച്ചു.

**ഒപ്പ്**

**രജിസ്ട്രാർ**

**ഒപ്പ്**

**വൈസ് ചാൻസലർ**

Annexure I

## Recommendtion of Library Committe on 04.12.2025

2025-26 കാലയളവിലെ ലൈബ്രറി ബുക്കുകൾ വാങ്ങുന്നതിനായി കൈക്കൊണ്ട 13.11.2025 ലെ ലൈബ്രറി അഡ്വൈസറി കമ്മിറ്റി തീരുമാനങ്ങൾ, 2025 ലെ ബുക്ക് പർച്ചേസിനുള്ള ഗൈഡ്‌ലൈൻസ്, ബുക്ക് ലഭ്യമാക്കുന്നതിന് 27.11.2025 ൽ 13 Publishers/Distributors നായി ബുക്കുകൾ വിതരണം, ഡിസ്കൗണ്ട് വിവരങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ അറിയിപ്പ്, അവരിൽ നിന്നും ലഭിച്ച വ്യത്യസ്ത തീയതിയിലെ മറുപടികൾ എന്നിവ കമ്മിറ്റി വിശദമായി പരിശോധിച്ചു. മേൽ വിവരിച്ചവയുടെ തുടർച്ചയായി കൈക്കൊള്ളാവുന്ന തുടർനടപടികൾ താഴെ വിവരിക്കുന്നു.

നിർദ്ദേശങ്ങൾ / തീരുമാനങ്ങൾ

1 2025-26 സർവകലാശാല ലൈബ്രറി പർച്ചേസിനായുള്ള ഗൈഡ്‌ലൈൻസ് അംഗീകരിക്കാവുന്നതാണ്. പ്രസ്തുത ഗൈഡ്‌ലൈൻസുകൾ പ്രകാരം 2025-26 കാലയളവിലെ പർച്ചേസിനായി കൈക്കൊണ്ട മേൽവിവരിച്ച നടപടികൾ അംഗീകരിക്കാവുന്നതാണ്.

2. 2025-26 കാലയളവിലെ ബുക്ക് പർച്ചേസിനായി പ്രസാധകർ /ഡിസ്ട്രിബ്യൂട്ടർ എന്നിവരിൽ നിന്നും ലഭിച്ച പ്രതികരണങ്ങളുടെയും, മാർഗ്ഗനിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ 2025-26 വർഷത്തെ പർച്ചേസിനായി താഴെ പറയുന്ന നടപടികൾ കൈക്കൊള്ളുന്നതിന് ശുപാർശ ചെയ്യുന്നു.

a) പ്രസാധകർ / ഡിസ്ട്രിബ്യൂട്ടർമാരിൽ നിന്നും ലഭിച്ച പ്രതികരണങ്ങളുടെ അടിസ്ഥാനത്തിൽ താഴെ പറയുന്ന വിധത്തിൽ നിർദ്ദേശങ്ങളും, സപ്ലൈ ഓർഡറും നൽകാവുന്നതാണ്. സപ്ലൈ ഓർഡറിൽ വിതരണം ചെയ്യുന്ന ബുക്കുകൾ പ്രസാധകരിൽ നിന്നും നേരിട്ട് ലഭ്യമായത് തന്നെയായിരിക്കണമെന്ന് അറിയിക്കേണ്ടതാണ്. എന്തെങ്കിലും തരത്തിലുള്ള ന്യൂനതകൾ പുസ്തകങ്ങളിലുള്ളതായി യൂണിവേഴ്സിറ്റിക്ക് ബോധ്യം വന്നാൽ പ്രസ്തുത പ്രസാധകർ / ഡിസ്ട്രിബ്യൂട്ടർ മാരുമായുള്ള പർച്ചേസ് നടപടികൾ എല്ലാം റദ്ദാക്കുന്നതും മേൽ നടപടികൾ കൈക്കൊള്ളുന്നതുമാണ്. ബുക്കുകൾ കഴിയുന്നതും വേഗം വിതരണം ചെയ്യേണ്ടതാണ്.

b) മലയാളം ബുക്കുകൾക്കായുള്ള മാതൃഭൂമി പ്രസാധകർ നൽകാമെന്നറിയിച്ച മാതൃഭൂമി പ്രസിദ്ധീകരിച്ച ബുക്കുകൾക്ക് 35% ഡിസ്കൗണ്ട് നിരക്കിലും, ബാക്കിയുള്ള പ്രസാധകരായ Green, Logos, Thrissur Current Books എന്നിവരുടെ മലയാളം ബുക്കുകൾ 34% ഡിസ്കൗണ്ട് നിരക്കിലും വിതരണം ചെയ്യുന്നതിന് Mathrubhumi Books, Kakkanad ന് വിതരണ ഉത്തരവ് നൽകാവുന്നതാണ്.

c) മേൽ വിവരിച്ച ഒഴികെയുള്ള എല്ലാ പ്രസാധകരുടെയും മലയാളം ബുക്കുകൾ 33% ഡിസ്കൗണ്ട് നിരക്കിൽ ലഭ്യമാക്കുന്നതിന് Current Books ന് വിതരണ ഉത്തരവ് നൽകാവുന്നതാണ്.

d) ജനറൽ ബുക്കുകൾ (ഇംഗ്ലീഷ് -Indian & Foreign) 25.5% ഡിസ്കൗണ്ട് നിരക്കിൽ ലഭ്യമാക്കുന്നതിന് Mathrubhumi Books , Kakkanad ന് വിതരണ ഉത്തരവ് നൽകാവുന്നതാണ്.

e) രാജ്കമൽ പ്രസിദ്ധീകരിക്കുന്ന ഹിന്ദി ബുക്കുകൾ 33% ഡിസ്കൗണ്ടിൽ ലഭ്യമാക്കുന്നതിനും വാണി പ്രകാശ് പ്രസിദ്ധീകരിക്കുന്ന ഹിന്ദി ബുക്കുകൾ 33% ഡിസ്കൗണ്ടിലും ലഭ്യമാക്കുന്നതിന് ശുപാർശ ചെയ്യുന്നു. ബാക്കിയുള്ള ഹിന്ദി വിഭാഗം ബുക്കുകൾ തുല്യമായി വീതിച്ച് രാജ്കമലിനും, വാണി പ്രകാശിനും 33% ഡിസ്കൗണ്ട് നിരക്കിൽ ലഭ്യമാക്കുന്നതിനും ശുപാർശ ചെയ്യുന്നു.

f) ഭരതനാട്യം വിഭാഗം പുസ്തകങ്ങൾ 30.5% നിരക്കിൽ ലഭ്യമാക്കുന്നതിന് International Book Distributors, New Delhi ക്ക് വിതരണ ഉത്തരവ് നൽകാവുന്നതാണ്.

g) കമ്പാരറ്റീവ് ലിറ്ററേച്ചർ വിഭാഗം പുസ്തങ്ങൾ 31% ഡിസ്കൗണ്ടിൽ ലഭ്യമാക്കുന്നതിന് international Book Distributors, New Delhi ക്ക് വിതരണ ഉത്തരവ് നൽകാവുന്നതാണ്.

h) ഇംഗ്ലീഷ് വിഭാഗം പുസ്തകങ്ങൾ 31% ഡിസ്കൗണ്ടിൽ ലഭ്യമാക്കുന്നതിന് international Book Distributors, New Delhi ക്ക് വിതരണ ഉത്തരവ് നൽകാവുന്നതാണ്.

i) ജ്യോഗ്രഫി വിഭാഗം പുസ്തകങ്ങൾ 30.5% ഡിസ്കൗണ്ടിൽ ലഭ്യമാക്കുന്നതിന് International Book Distributors, New Delhi ക്ക് വിതരണ ഉത്തരവ് നൽകാവുന്നതാണ്.

j) ഹിസ്റ്ററി വിഭാഗം പുസ്തകങ്ങൾ 27% ഡിസ്കൗണ്ടിൽ ലഭ്യമാക്കുന്നതിന് International Book Distributors, New Delhi ക്ക് വിതരണ ഉത്തരവ് നൽകാവുന്നതാണ്.

k) മാനസ്ക്രിപ്റ്റോളജി വിഭാഗം പുസ്തകങ്ങൾ 31% ഡിസ്കൗണ്ടിൽ ലഭ്യമാക്കുന്നതിന് international Book Distributors, New Delhi ക്ക് വിതരണ ഉത്തരവ് നൽകാവുന്നതാണ്..

l) മോഹിനിയാട്ടം വിഭാഗം ഇന്ത്യൻ ഇംഗ്ലീഷ് പുസ്തകങ്ങൾക്ക് 25% ഡിസ്കൗണ്ടിലും, ഫോറിൻ ഇംഗ്ലീഷ് പുസ്തകങ്ങൾക്ക് 27% ഡിസ്കൗണ്ടിലും ലഭ്യമാക്കുന്നതിന് Nalanda Books, Edappally ക്ക് വിതരണ ഉത്തരവ് നൽകാവുന്നതാണ്.

m) മ്യൂസിയം സ്റ്റഡിസ് വിഭാഗം പുസ്തകങ്ങൾ 30.5% ഡിസ്കൗണ്ടിൽ ലഭ്യമാക്കുന്നതിന് international Book Distributors, New Delhi ക്ക് വിതരണ ഉത്തരവ് നൽകാവുന്നതാണ്.

n) മ്യൂസിക് വിഭാഗം ഇന്ത്യൻ ഇംഗ്ലീഷ് പുസ്തകങ്ങൾക്ക് 25% ഡിസ്കൗണ്ടിലും, ഫോറിൻ ഇംഗ്ലീഷ് പുസ്തകങ്ങൾക്ക് 27% ഡിസ്കൗണ്ടിലും ലഭ്യമാക്കുന്നതിന് Nalanda Books, Edappally ക്ക് വിതരണ ഉത്തരവ് നൽകാവുന്നതാണ്.

0) ഫിലോസഫി വിഭാഗം പുസ്തകങ്ങൾ 30.5% ഡിസ്കൗണ്ടിൽ ലഭ്യമാക്കുന്നതിന് International Book Distributors, New Delhi ക്ക് വിതരണ ഉത്തരവ് നൽകാവുന്നതാണ്.

P) ഫിസിക്കൽ എഡ്യൂക്കേഷൻ വിഭാഗം പുസ്തകങ്ങൾ 30.5% ഡിസ്കൗണ്ടിൽ ലഭ്യമാക്കുന്നതിന് International Book Distributors, New Delhi ക്ക് വിതരണ ഉത്തരവ് നൽകാവുന്നതാണ്.

q) സൈക്കോളജി വിഭാഗം പുസ്തകങ്ങൾ 27% ഡിസ്കൗണ്ടിൽ ലഭ്യമാക്കുന്നതിന് International Book Distributors, New Delhi ക്ക് വിതരണ ഉത്തരവ് നൽകാവുന്നതാണ്.

r) സംസ്കൃതം ജനറൽ, സംസ്കൃതം സാഹിത്യം, സംസ്കൃതം വേദാന്തം, സംസ്കൃതം വ്യാകരണം, സംസ്കൃതം ന്യായം വിഭാഗം പുസ്തകങ്ങൾ 25% ഡിസ്കൗണ്ടിൽ ലഭ്യമാക്കുന്നതിന് RS Vadhyar & Sons, Palakkad ന് വിതരണ ഉത്തരവ് നൽകാവുന്നതാണ്.

s) സോഷ്യൽ വർക്ക് വിഭാഗം പുസ്തകങ്ങൾ 30.5% ഡിസ്കൗണ്ടിൽ ലഭ്യമാക്കുന്നതിന് International Book Distributors, New Delhi ക്ക് വിതരണ ഉത്തരവ് നൽകാവുന്നതാണ്.

t) സോഷ്യോളജി വിഭാഗം പുസ്തകങ്ങൾ 31.5% ഡിസ്കൗണ്ടിൽ ലഭ്യമാക്കുന്നതിന് International Book Distributors, New Delhi ക്ക് വിതരണ ഉത്തരവ് നൽകാവുന്നതാണ്.

u) ട്രാൻസ്ലേഷന സ്റ്റഡീസ് വിഭാഗം പുസ്തകങ്ങൾ 30.5% ഡിസ്കൗണ്ടിൽ ലഭ്യമാക്കുന്നതിന് International Book Distributors, New Delhi ക്ക് വിതരണ ഉത്തരവ് നൽകാവുന്നതാണ്.

v) പെയിൻറിംഗ് വിഭാഗം പുസ്തകങ്ങളുടെ ലഭ്യത വിവരങ്ങൾ മറുപടിയായി കിട്ടാത്തതിനാൽ നേരിട്ടന്വേഷിച്ച് ലഭ്യമാക്കി തുടർനടപടി കൈക്കൊള്ളാവുന്നതാണ്.

3. Librarian Enrichment Workshop ഉം Digital Library സെൻട്രലൈസ് strengthen ചെയ്യുന്നതിനുള്ള നടപടികളും അടിയന്തിരായി 2026 ജനവരി മാസത്തിൽ തന്നെ നിർവ്വഹിക്കേണ്ടതാണ്.

മേൽ വിവരിച്ച ബുക്ക് പർച്ചേസുകളുടെ അടിയന്തിരമായി നിർവ്വഹിക്കേണ്ട സമയപരിധിയും പ്രാധാന്യവും കണക്കിലെടുത്ത് നടപടികൾ സത്വരമായി കൈക്കൊള്ളുന്നതിന് ഡിൻഡിക്കേറ്റ് സാധൂകരണത്തിന് വിധേയമായി നിർവ്വഹിക്കുന്നതിനും ശുപാർശ ചെയ്യുന്നു.

യോഗം 12.30 pm ന് അവസാനിച്ചു.

പ്രോഫ. ഡോ. മാത്യൂസ് ടി തെള്ളി
കൺവീനർ
ലൈബ്രറി കമ്മിറ്റി